മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഈ കാര്യത്തിൽ ഗവൺമെൻറ് ഒരു അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) വർക്കിംഗ് അറേഞ്ച്മെൻറ് നിരുത്തലാക്കിയിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റിൽ നിന്നും അസിസ്റ്റൻറ് സർജൻമാരെ നിലവിലുള്ള ഒഴിവുകളിൽ യഥാസമയം നിയമനം നടത്താൻ നിർദ്ദേശം നൽകുകയും അതിൻപ്രകാരം ആരോഗ്യ വകുപ്പു ഡയറക്ടർ എല്ലാ തസ്തികകളിലേക്കും നിയമനം നടത്തുകയുമുണ്ടായി. എന്നാൽ ചിലർ ഉന്നതവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ജോലിക്ക് ഹാജരാകുന്നതിനുള്ള സമയം നീട്ടിക്കിട്ടുന്നതിന് അപേക്ഷിക്കുകയുണ്ടായി. അപ്രകാരം ഉണ്ടായ ഒഴിവുകളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും ആളുകളെ നിയമിച്ചിട്ടുണ്ട്. ഇനി ഏതെങ്കിലും ഒഴിവുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവധിയിൽ നിന്നും മടങ്ങി വരുന്നവരെകൊണ്ടോ അല്ലെങ്കിൽ പി. എസ്. സി. യുടെ ലിസ്റ്റിൽ നിന്നുമോ അവ യഥാസമയം നികത്തുന്നതാണ്.

ശ്രീ. പി. സീതി ഹാജി : കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂറോളജിസ്റ്റ് പോസ്റ്റിലേക്ക് മെഡിസിന്റെ തലവനെ നിയമിക്കുകയും മെഡിസിന്റെ പോസ്റ്റ് ഒഴിവു വന്നപ്പോൾ അയാൾക്കു തിരിച്ചു കൊടുക്കാതെ വേറെയാളിനെ ആ സ്ഥാനത്തേക്ക് നിയമിക്കുകയും ചെയ്തത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അത്തരം അപാകതകൾ പരിഹരിക്കുന്നതിന് ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : അപാകതകൾ തിരുത്തിക്കൊണ്ടാണ് ഓർഡർ ഇഷ്യൂ ചെയ്തിട്ടുള്ളത്. വർക്കിംഗ് അഡ്ജസ്റ്റുമെൻറ് എന്നുപറഞ്ഞു വച്ചിരിക്കുന്ന സ്ഥലത്തൊക്കെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ വേണ്ട സ്ഥലത്തൊക്കെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിക്കുകയും മറ്റ് സ്ഥലങ്ങളിൽ ജനറൽ മെഡിസിന് ജനറൽ മെഡിസിന്റെ ആളുകളെ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി എന്ന പദ്ധതി

* 6 [7] ശ്രീ. പി. കെ. കെ. ബാവ :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, എ. വി. അബ്ദുറഹിമാൻ ഹാജി :

,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാം എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പഞ്ചായത്തുകളിൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനുവേണ്ട സത്വര നടപടികളും സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്ത് ഒമ്പതും 1001 പഞ്ചായത്തുകളാണുള്ളത്. ഇതിൽ 997 പഞ്ചായത്തുകളിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ ഇനങ്ങളിൽ ഡിസ്പെൻസറികളോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ, ആശുപത്രികളോ പ്രവർത്തിക്കുന്നുണ്ട്.

(ബി) താഴെ പറയുന്ന പഞ്ചായത്തുകളിൽ ഗവൺമെന്റ് ഡിസ്പെൻസറികളോ മറ്റ് ആരോഗ്യ സ്ഥാപനങ്ങളോ ഇല്ല.

1. അടാട്ട് പഞ്ചായത്ത് — തൃശ്ശൂർ ജില്ല
2. വള്ളത്തോൾ നഗർ — തൃശ്ശൂർ ജില്ല
3. മടവൂർ പഞ്ചായത്ത് — കോഴിക്കോട് ജില്ല
4. നൂൽപ്പുഴ പഞ്ചായത്ത് — വയനാട് ജില്ല

(സി) അലോപ്പതി വിഭാഗത്തിൽ ഡിസ്പെൻസറികളും സ്ഥാപിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിനു പകരം 30,000 ജനസംഖ്യയിൽ കുറയാതെയുള്ള പഞ്ചായത്തുകളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ ആയുർവ്വേദ/ഹോമിയോ ഡിസ്പെൻസറികളോ അർഹതയുണ്ടെങ്കിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ ആരംഭിക്കുന്നതിനു സത്വരനടപടികളും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

1986-87-ലെ പദ്ധതി വിഹിതം

* 7 [8] ശ്രീ. ജി. വരദൻ :
,, പി. കുമാരൻ :
,, ലോനപ്പൻ നമ്പാടൻ :
,, എ. വി. താമരാക്ഷൻ :
,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പദ്ധതിയുടെ രണ്ടാം വർഷമായ 1986-87-ലേക്ക് എത്ര കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്കാണ് കേന്ദ്രാനുമതി തേടിയിരുന്നത് ;

(ബി) ഇതിൽ എത്രകോടി രൂപയുടെ പദ്ധതി കേന്ദ്രം അനുവദിച്ചു ;

(സി) അതിൽ കേന്ദ്രത്തിന്റെ വിഹിതമെത്ര ; സംസ്ഥാന വിഹിതമെത്ര ;

(ഡി) പദ്ധതിയുടെ ഒന്നാം വർഷത്തേയ്ക്ക് എത്ര രൂപ വകയിരുത്തിയിരുന്നു. അതിൽ എത്ര രൂപ ചെലവാക്കി ;

(ഇ) 1986-87-ൽ പുതുതായി അംഗീകരിച്ച പദ്ധതികളേതെല്ലാമെന്നും പുതിയ പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രവീതമെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly